തന്നെ അനുയോജ്യമായ ബാഹ്യഉപദേഷ്ടാക്കളുടെ (എക്സ്റ്റേർണൽ മെന്റേഴ്സ്) മാർഗ്ഗനിർദ്ദേശ പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. ഇതുവഴി വിദ്യാർത്ഥിക്ക് തന്റെ ലക്ഷ്യത്തിനനുസരിച്ച് മുന്നോട്ട് പോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 2013-14-ൽ ആരംഭിച്ച ഈ പദ്ധതി ഇപ്പോൾ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ കോഴ്സുകളിൽ പഠിക്കുന്ന 30 പേർക്കാണ് (ഒരു കോളേജിൽ) ബാധകമാക്കിയിരിക്കുന്നത്. ആർട്സ്, സയൻസ്, കോമേഴ്സ് കോഴ്സുകളിൽ പഠിക്കുന്നവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്.

(സി) സ്ഥാപനത്തിന് പുറത്തുള്ള വിദഗ്ദ്ധരുടെ ഉപദേശം ലഭിക്കുന്നതിനായി നിശ്ചിത മണിക്കൂറുകൾ ഉപദേഷ്ടാവിന് നൽകുന്നുണ്ട്. അവരെ നേരിട്ട് കാണുവാനും സംവദിക്കുവാനും അവരുടെ നേട്ടങ്ങളിൽനിന്നും പ്രചോദനം നേടി മുന്നേറാനും ബാഹ്യ ഉപദേഷ്ടാവിന്റെ സാന്നിദ്ധ്യം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഈ പദ്ധതി 2013-14 വർഷം മുതൽ നടപ്പാക്കുന്നുണ്ട്. അന്ന് ആദ്യ വർഷത്തിൽ പഠിച്ച തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ ഇപ്പോൾ പദ്ധതിയുടെ രണ്ടാം വർഷത്തിലാണ്. 2014-15 വർഷത്തിൽ പുതിയ ഒരു ബാച്ചിനുകൂടി (30 കുട്ടികൾക്ക്) ഇതിന്റെ പ്രയോജനം സർക്കാർ കോളേജുകളിൽ ലഭിക്കുന്നുണ്ട്. 2014-15 വർഷത്തിൽ 150 എയ്ഡഡ് കോളേജുകളിൽ കൂടി ഈ പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

വിദ്യാലയങ്ങളിലെ പ്രാദേശിക അവധി

10 (6975) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ എത്ര വിദ്യാലയങ്ങളിൽ പ്രാദേശിക അവധി നൽകിയിട്ടുണ്ട് ; നൽകിയിട്ടുണ്ടെങ്കിൽ എത്ര ദിവസം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാലയങ്ങൾ ഏതെല്ലാം ജില്ലകളിലാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രാദേശിക അവധി നൽകിയതെന്ന് അറിയിക്കുമോ ;

(ഡി) പ്രാദേശിക അവധി നൽകുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രാദേശിക അവധി പ്രഖ്യാപിക്കുന്ന ദിവസം ജീവനക്കാർ വിദ്യാലയത്തിൽ ഹാജരാകേണ്ടതുണ്ടോയെന്നും ആർക്കാണ് പ്രാദേശിക അവധി പ്രഖ്യാപിക്കുന്നതിന് അധികാരമെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

റൂസ ഫണ്ട് ലഭ്യമാക്കാൻ നടപടി

11 (8876) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റൂസ പദ്ധതിയുടെ സംസ്ഥാന വിഹിതം നൽകാത്തതു കാരണം കേന്ദ്രഫണ്ട് നഷ്ടമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇത് റൂസ പദ്ധതിയെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

റൂസയ്ക്കുവേണ്ടിയുള്ള സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി 35 % സംസ്ഥാനം വിഹിതം ഉൾപ്പെടെ അനുവദിച്ച 8 കോടി രൂപയിൽ കേന്ദ്ര വിഹിതത്തിന്റെ 50% ആയ 2.60 കോടി രൂപയാണ് സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുള്ളത്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-7-2014-വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 35% വിഹിതം വഹിക്കാമെന്ന കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് സംസ്ഥാന ഗവണ്മെന്റ് സമ്മതപത്രം നൽകിയിട്ടുള്ളതിനാൽ തുക നഷ്ടപ്പെടുകയില്ല.

സ്റ്റേറ്റ് ലെവൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി

12 (8877) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയിൽ സ്റ്റേറ്റ് ലെവൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly